(ബി) നിയമാനുസരണം ഫുഡ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന സാമ്പിൾ അനലറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിച്ച് ഫാറം 3 പ്രകാരമുള്ള റിപ്പോർട്ട് പബ്ലിക് അനലിസ്റ്റ് ലോക്കൽ ഹെൽത്ത് അതോറിറ്റിക്ക് നൽകുന്നു. ഈ വർഷം 416 സാമ്പിളുകൾ പരിശോധിച്ചതിൽ 41 സാമ്പിളുകളിൽ നിശ്ചിത ഗുണനിലവാരമായ കൊഴുപ്പിന്റെയും കൊഴുപ്പേതര പദാർത്ഥങ്ങളുടേയും അളവിൽ കുറവ് കണ്ടെത്തുകയുണ്ടായി. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന ടാങ്കർ ലോറികളിൽ നിന്നും സംശയം തോന്നുന്നവ തടഞ്ഞുനിർത്തി മിൽക് ടെസ്റ്റിംഗ് കിറ്റിന്റെ സഹായത്താൽ ഗുണനിലവാരം പരിശോധിക്കുന്നു.

(സി) നിശ്ചിത ഗുണനിലവാരം ഇല്ലാത്ത പാലിന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ഭക്ഷ്യ ഉല്പന്നങ്ങളിൽ ചിലതിൽ മായം ചേർത്തുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) മായം ചേർക്കൽ തടയാനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫുഡ് ഇൻസ്പെക്ടർമാർക്ക് കർശന നിർദ്ദേശം നൽകിവരുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ, വിജിലൻസ് സ്കാഡ് വ്യാപകമായി റെയ്ഡ് നടത്തി മായം ചേർക്കൽ തടയാനായി പ്രവർത്തിച്ചുവരുന്നു. പാലിൽ കൊഴുപ്പ്, കൊഴുപ്പേതര വസ്തുക്കൾ തുടങ്ങിയവ നിശ്ചിത അളവിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നു. കൂടാതെ യൂറിയ, പഞ്ചസാര, നൈട്രേറ്റ്, സ്റ്റാർച്ച്, ഫോർമാലിൻ, സോഡിയം കാർബണേറ്റ്, ഉപ്പ്, അമോണിയ, ഗ്ലൂക്കോസ്, നൈട്രജൻ പെറോക്സൈഡ് എന്നിവ അടങ്ങിയിട്ടുണ്ടോ എന്ന് അറിയുന്നതിനുള്ള പരിശോധനയും നടത്തിവരുന്നു.

(എഫ്) മായം ചേർത്തതുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം 220 കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്.

ഭക്ഷണ പാനീയങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനങ്ങൾ

119 [T842] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭക്ഷണ പദാർത്ഥങ്ങളിലും പാനീയങ്ങളിലും മാരകമായ വിഷവസ്തുക്കൾ കലർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ഉല്പന്നങ്ങളിലാണ് മായം ചേർന്നതായി കണ്ടെത്തിയിട്ടുള്ളത്;

(സി) ഭക്ഷ്യവസ്തുക്കളിൽ മാലിന്യങ്ങൾ ചേർത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭക്ഷണ പാനീയങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഏതൊക്കെ ഏജൻസികളാണ് ഈ രംഗത്ത് പ്രവർത്തിച്ചുവരുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഇ) മലയാളികളുടെ മാറിയ ഭക്ഷണ രീതി, ആരോഗ്യകാര്യങ്ങളിൽ വരുത്തിയിട്ടുള്ള വ്യതിയാനങ്ങൾ എന്നീ കാര്യങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടുകൾ ലഭ്യമാക്കുമോ;

(എഫ്) നിലവിൽ വിറ്റഴിക്കപ്പെടുന്നവയും പുതിയതായി മാർക്കറ്റിൽ എത്തുന്നവയുമായ ഭക്ഷ്യവസ്തുക്കളും പാനീയങ്ങളും ഗുണനിലവാരമുള്ളവയാണെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭക്ഷ്യയോഗ്യമായ എണ്ണകൾ, വ്യഞ്ജനങ്ങൾ, വ്യഞ്ജനപ്പൊടികൾ, പരിപ്പുവർഗ്ഗങ്ങൾ, ചിപ്സ്, ബേക്കറി ഇനങ്ങൾ തുടങ്ങിയവയിൽ മായം ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വെളിച്ചെണ്ണയിൽ പാരാഫിൻ ഓയിൽ കലർന്നതായി കണ്ടെത്തിയിട്ടുണ്ട്. അനുവദനീയമല്ലാത്ത കൃത്രിമ നിറങ്ങൾ മുളകുപൊടി, പരിപ്പുവർഗ്ഗങ്ങൾ എന്നിവയിൽ ചേർക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഗുണനിലവാരമില്ലാതെയും ഐ.എസ്.ഐ. സർട്ടിഫിക്കേഷൻ ഇല്ലാതെയും പാനീയങ്ങൾ കുപ്പികളിലാക്കി വിപണനം നടത്തുന്നതായും കണ്ടെത്തിയിട്ടുണ്ട്.

(സി) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമം അനുശാസിക്കുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതനുസരിച്ച് കുറഞ്ഞത് ആറ് മാസത്തെ തടവും 1000 രൂപ പിഴയുമാണ് ശിക്ഷയായി നൽകുന്നത്.

(ഡി) ഭക്ഷ്യ മായംചേർക്കൽ നിരോധന നിയമം അനുസരിച്ച് ആരോഗ്യ വകുപ്പിന്റെകീഴിൽ മായംചേർക്കൽ നിരോധന വിഭാഗം പ്രവർത്തിച്ചുവരുന്നു. ഈ വിഭാഗത്തിൽ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചുവരുന്ന ഫുഡ് ഇൻസ്പെക്ടർമാർ വിവിധ ഭാഗങ്ങളിൽനിന്ന് ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കൾ സംസ്ഥാനത്തെ അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിക്കുന്നു. പരിശോധനയിൽ മായം കലർന്നതായി തെളിഞ്ഞാൽ കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

മറ്റ് ഏജൻസികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) മായം ചേർക്കൽ നിരോധന വിഭാഗം ഇക്കാര്യത്തിൽ പഠനം നടത്തിയിട്ടില്ല. എന്നാൽ ലോക.ആരോഗ്യ സംഘടന പഠനം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഇക്കാര്യത്തിൽ സംസ്ഥാനത്തെ എല്ലാ ഫുഡ് ഇൻസ്പെക്ടർമാർക്കും ആരോഗ്യവകുപ്പ് ഡയറക്ടർതലത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly